ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.03.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.
   EC makes fresh electoral bond data public.
2. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണൽ ജൂൺ രണ്ടിലേക്കു മാറ്റി.
   EC changes counting date of Arunachal Pradesh & Sikkim assembly polls to June 2.
3. ആന്ധ്രാപ്രദേശിൽ എൻഡിഎ തെരഞ്ഞെടുപ്പു റാലിയെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി; രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത ജോഡോ ന്യായ് സങ്കൽപ്പ് യാത്രയ്ക്കു സമാപനം.
4. Prime Minister Narendra Modi addresses NDA rally in PAndhra Pradesh; Congress leader Rahul Gandhi holds concluding rally of Bharat Jodo Nyay Yatra at Mumbai.
5. ഡൽഹി ജൽ ബോർഡ് ക്രമക്കേടുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ഇ ഡി സമൻസ്.
6. ED summons Delhi CM Arvind Kejriwal in money laundering case linked to alleged irregularities in DJB.
7. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ അൽപ്പസമയത്തിനകം ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും.
   WPL: RCB to play against Delhi Capitals in final at Arun Jaitley Stadium in New Delhi today.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## EC ELECTORAL BONDS

ഇലക്ടറൽ ബോണ്ടുകൾ സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്ന് ഡിജിറ്റൽ രൂപത്തിൽ ലഭിച്ച വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സുപ്രിംകോടതി നിർദേശപ്രകാരം മുദ്രവച്ച കവറിൽ രാഷ്ട്രീയ പാർട്ടികൾ സമർപ്പിച്ച ഇലക്ടറൽ ബോണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ കവറുകൾ തുറക്കാതെ സുപ്രീം കോടതിക്ക് കൈമാറുകയായിരുന്നുവെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം കോടതിയുടെ രജിസ്ട്രി തിരികെ നൽകിയ രേഖകളിൽ ഡിജിറ്റൽ രൂപത്തിലുള്ള വിവരങ്ങളാണ് കമ്മീഷൻ പ്രസിദ്ധീകരിച്ചത്.

&&&&&&&&&&&&&&&&&&

## CHANDIGARH ELECTION

ചണ്ഡീഗഢ് പാർലമെന്റ് മണ്ഡലത്തിലേക്കുള്ള തെരഞ്ഞെടുപ്പ് ജൂൺ ഒന്നിന് നടക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടങ്ങൾ കൃത്യമായി പാലിക്കണമെന്നും അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാണെമന്നും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## SEETHAL DEVI

അർജുനാ അവാർഡ് ജേതാവും പാരാ അമ്പെയ്ത്തു താരവുമായ ശീതൽ ദേവിയെ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ ദേശീയ ഭിന്നശേഷി ഐക്കണായി പ്രഖ്യാപിച്ചു. ഇന്ത്യൻ ഡെഫ് ക്രിക്കറ്റ് അസോസിയേഷനും ഡൽഹി ആൻറ് ഡിസ്ട്രിക് ക്രിക്കറ്റ് അസോസിയേഷനും തമ്മിൽ നടന്ന പ്രദർശന ക്രിക്കറ്റ് മത്സര വേളയിലാണ് തെരഞ്ഞെടുപ്പു കമ്മീഷൻ പ്രഖ്യാപനം നടത്തിയത്.

തെരഞ്ഞെടുപ്പിൽ യുവാക്കളുടെ സാന്നിധ്യവും ബോധവത്ക്കരണവും ലക്ഷ്യമിട്ടാണ് തെരഞ്ഞെടുപ്പു കമ്മീഷനും ബിസിസിഐയും സംയുക്തമായി മത്സരം സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## EC 2 (INTRO)

അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാതെരഞ്ഞെടുപ്പ് വോട്ടെണ്ണൽ ജൂൺ രണ്ടിലേക്ക് മാറ്റിയതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ജൂൺ നാലിനാണ് നേരത്തെ വോട്ടെണ്ണൽ പ്രഖ്യാപിച്ചിരുന്നത്.
ഇരുസംസ്ഥാനങ്ങളിലും ഏപ്രിൽ 19 നാണു നിയമസഭാതെരെഞ്ഞെടുപ്പ്. ലോകസഭാ തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കാൻ ശക്തമായ നടപടികളാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ചിരിക്കുന്നത്.
വിശദാംശങ്ങളിലേക്ക്..... (വോയ്സ്)

## EC 2 (VOICE)

പണം, മസിൽ പവർ, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കൽ, പെരുമാറ്റച്ചട്ടലംഘനം എന്നിവ അനുവദിക്കില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തെരഞ്ഞെടുപ്പിനിടെ എവിടെയെങ്കിലും അക്രമം നടന്നാൽ നിർദാക്ഷിണ്യം നടപടിയെടുക്കും. ഇന്ത്യൻ തിരഞ്ഞെടുപ്പ് പ്രക്രിയയെ മറ്റ് രാജ്യങ്ങൾക്ക് പിന്തുടരാനും അനുകരിക്കാനുമുള്ള മാതൃകയാക്കി മാറ്റും. വിദ്വേഷ പ്രസംഗങ്ങളും ജാതി മതാടിസ്ഥാനത്തിലുള്ള ആക്ഷേപങ്ങളും അനുവദിക്കില്ലെന്നും കമ്മീഷൻ വ്യക്തമാക്കി. ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന 18-ാം ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം അടുത്തമാസം 19 ന് നടക്കും. ജൂൺ നാലിനാണ് വോട്ടെണ്ണൽ. ഇത്തവണ രാജ്യത്ത് സമ്മതിദാനവകാശം വിനിയോഗിക്കുക 97 കോടി വോട്ടർമാരാണ്. ഇതിൽ 1.82 കോടി പേർ കന്നിവോട്ടർമാരാണ്. കേരളത്തിലും പ്രചാരണം ചൂടുപിടിച്ചു. തെരഞ്ഞെടുപ്പിന്റെ രണ്ടാം

ഘട്ടത്തിൽ ഏപ്രിൽ 26 നാണ് കേരളം വിധിയെഴുതുന്നത്. ഈ മാസം 28-ന് കേരളത്തിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി.........**

&&&&&&&&&&&&&&&&&&

## HEAD LINE – 3

### PM- ANDHRA

കഴിഞ്ഞ പത്ത് വർഷത്തെ ഭരണത്തിനിടയിൽ ഇന്ത്യയെ പുരോഗതിയിലേക്ക് നയിക്കാൻ എൻ.ഡി.എ സർക്കാരിന് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ആന്ധ്രാപ്രദേശിലെ പാൽനാട്ടിൽ എൻ.ഡി.എ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

### PM – PALAKKAD

ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ വീണ്ടും കേരളത്തിലെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും.

&&&&&&&&&&&&&&&&&&

### ELECTION - KERALA

ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലും എൻഡിഎ മികച്ച മുന്നേറ്റം നടത്തുമെന്ന് ബിജെപി സംസ്ഥാന പ്രഭാരി പ്രകാശ് ജാവ്ദേക്കർ. യുഡിഎഫ്- എൽഡിഎഫ് മുന്നണികളെ മലയാളികൾ പുറംതള്ളും. പുരോഗമനവും വികസനവും മുൻനിർത്തിയാണ് ബിജെപി തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

### RAHUL GANDHI

2024 ലോക്സഭാ തെരഞ്ഞെടുപ്പ് രണ്ടു വ്യത്യസ്ത ആദർശങ്ങൾ തമ്മിലുള്ള പോരാട്ടമാണെന്നു കോൺഗ്രസ് നേതാവ്

രാഹുൽ ഗാന്ധി. ഭാരത് ജോഡോ ന്യായ് സങ്കൽപ് യാത്രയുടെ ഭാഗമായി ദക്ഷിണ മുംബൈയിൽ നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## RAHUL GANDHI - BJNJ

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ ന്യായ് സങ്കൽപ് യാത്ര സമാപിച്ചു. മുംബൈയിലെ ശിവാജി പാർക്കിൽ നടന്ന സമാപന സമ്മേളനത്തിൽ ഐ എൻ ഡി ഐ സഖ്യത്തിലെ പ്രമുഖ നേതാക്കൾ പങ്കെടുത്തു. മണിപ്പൂരിൽ നിന്ന് ജനുവരി 14 ന് ആരംഭിച്ച യാത്ര 15 സംസ്ഥാനങ്ങളിലൂടെയാണ് കടന്നു പോയത്.

&&&&&&&&&&&&&&&&&&

## ELECTION – KERALA 3

അടുത്ത ആഴ്ചയോടെ വയനാട്ടിലെത്തുന്ന രാഹുൽ ഗാന്ധിക്ക് വമ്പൻ വരവേൽപ്പ് ഒരുക്കാനാണ് യുഡിഎഫ് നീക്കം. യു.ഡി.എഫിനും ബി.ജെപിക്കും എതിരെ പഴുതടച്ച പ്രചാരണത്തിന് ഒരുങ്ങുകയാണ് എൽ.ഡി.എഫ്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## ED-KEJRIWAL

ഡൽഹി ജൽ ബോർഡ് ക്രമക്കേടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് എൻഫോഴ്‌സ്‌മെന്റ് ഡയറക്ടറേറ്റിന്റെ സമൻസ്. നാളെ അന്വേഷണ ഏജൻസിക്ക് മുമ്പാകെ ഹാജരാകാനാണ് നിർദേശം. കള്ളപ്പണം വെളുപ്പിക്കൽ നിരോധനനിയമപ്രകാരം കെജ്രിവാളിനെതിരായ രണ്ടാമത്തെ കേസ് ആണിത്. ഡൽഹി ഗവണ്മെന്റ് നൽകിയ കരാറുമായി ബന്ധപ്പെട്ടു

ലഭിച്ച കൈക്കൂലി ആം ആദ്മി പാർട്ടിക്ക് സംഭാവനയായി നൽകിയതായാണ് ഇ ഡി യുടെ ആരോപണം.

&&&&&&&&&&&&&&&&&&

## JAISHANKAR – CONCLAVE

ചൈനയെ മറികടക്കുന്നതിന് ആഭ്യന്തര ഉല്പാദനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച മാധ്യമകോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചൈനയ്ക്കൊപ്പം നിൽക്കാൻ സജ്ജമായ സമ്പദ്‌വ്യവസ്ഥ രാജ്യത്തിനാവശ്യമാണെന്നും ശ്രീ ജയ്ശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NIA-ISIS

പൂണെ ഐ എസ് ഐ എസ് മൊഡ്യൂൾ കേസുമായി ബന്ധപ്പെട്ട് പാർപ്പിടങ്ങളും ഫ്ളാറ്റുകളുമുൾപ്പെടെ നാലു സ്ഥാവര സ്വത്തുക്കൾ ദേശീയ അന്വേഷണ ഏജൻസി കണ്ടുകെട്ടി.  കണ്ടുകെട്ടിയ സ്വത്തുക്കൾക്ക് കേസിലുൾപ്പെട്ട പ്രതികളുമായി ബന്ധമുള്ളതായി എൻഐഎ പ്രസ്താവനയിൽ പറഞ്ഞു. സ്ഫോടക വസ്തുക്കളുടെ നിർമാണത്തിനും ഭീകരവാദ പ്രവർത്തനങ്ങളുടെ പരിശീലനത്തിനും ആസൂത്രണത്തിനും വേണ്ടിയാണ് ഇവ ഉപയോഗിച്ചിരുന്നതെന്ന് NIA വ്യക്തമാക്കി. മഹാരാഷ്ട്ര, ഗുജറാത്ത് ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആക്രമണം നടത്താനുള്ള ഗൂഢാലോചനയുമായി ബന്ധപ്പെട്ടതാണ് ഈ കേസെന്നും എൻഐഎ പറഞ്ഞു.

&&&&&&&&&&&&&&&&&&

## NAVY CAPTURES SOMALI PIRATES

കടൽ കൊള്ളക്കാർ ബന്ദികളാക്കിയ 17 കപ്പൽ ജീവനക്കാരെ രക്ഷപ്പെടുത്തി ഇന്ത്യൻ നാവികസേന.

35 കടൽക്കൊള്ളക്കാരെ പിടികൂടുകയും ചെയ്തു. കഴിഞ്ഞ വർഷം ഡിസംബറിൽ യെമനിലെ സൊകോത്ര ദ്വീപിന് സമീപം മാൾട്ടീസിൽ റജിസ്റ്റർ ചെയ്ത എം.വി.റൂൺ എന്ന

ചരക്കു കപ്പലിലെ ജീവനക്കാരെയാണ് നാവികസേന മോചിപ്പിച്ചത്.

&&&&&&&&&&&&&&&&&&&

## RSS - HOSABALE

രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ സർകാര്യവാഹ് ആയി ശ്രീ ദത്താത്രേയ ഹൊസബാലെ തിരഞ്ഞെടുക്കപ്പെട്ടു. നാഗ്പൂരിൽ നടന്ന അഖില ഭാരതീയ പ്രതിനിധി സഭയിൽ മൂന്ന് വർഷക്കാലത്തേക്കാണ് ശ്രീ. ഹൊസബാലെയ്ക്ക് ചുമതല നൽകിയത്.

&&&&&&&&&&&&&&&&&&&

## NIGER SUSPENDS MILITARY COOPERATION WITH US

അമേരിക്കയുമായുള്ള സൈനിക കരാർ നൈജർ അടിയന്തരമായി നിർത്തിവച്ചു. അമേരിക്കയിലെ ഉന്നതഉദ്യോഗസ്ഥസംഘം ജനാധിപത്യ പരിവർത്തനത്തെക്കുറിച്ചുള്ള ചർച്ചകൾക്കായി പശ്ചിമാഫ്രിക്കൻ രാജ്യമായ നൈജർ സന്ദർശിച്ചതിനു പിന്നാലെയാണ് നടപടി. യുഎസ് സംഘം നയതന്ത്ര പ്രോട്ടോക്കോൾ പാലിച്ചിട്ടില്ലെന്നും പ്രതിനിധി സംഘത്തിൻറെ ഘടനയെക്കുറിച്ചോ എത്തിച്ചേരുന്ന തീയതിയെക്കുറിച്ചോ കാര്യപരിപാടികളെക്കുറിച്ചോ അറിയിച്ചിട്ടില്ലെന്നും നൈജർ വ്യക്തമാക്കി. പടിഞ്ഞാറൻ-വടക്കൻ ആഫ്രിക്കയിലെ യുഎസ് പ്രവർത്തനങ്ങളുടെ കേന്ദ്രമാണ് നൈജർ. അമേരിക്ക വൻ തുക ചെലവഴിച്ചു അവിടെ നിർമിച്ച വ്യോമതാവളം പട്ടാളം ഏറ്റെടുത്തത് അട്ടിമറിയാണെന്ന് അമേരിക്ക നേരത്തെ പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## AFGHANISTAN- HIGHWAY ACCIDENT

അഫ്ഗാനിസ്ഥാനിൽ മോട്ടോർ ബൈക്കിലും എണ്ണ ടാങ്കറിലും ബസ് ഇടിച്ചുണ്ടായ അപകടത്തിൽ 21 മരണം.

38 പേർക്ക് പരിക്ക്. ഹെറാത്ത്-കന്ദഹാർ പാതയിൽ ഹെൽമന്ദ് പ്രവിശ്യയിൽ ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. സംഭവത്തിൽ വാഹനങ്ങൾക്കു തീപിടിക്കുകയും കത്തിനശിക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## CHINA FOREST FIRE

ഭീമൻ പാണ്ടകളുടെയും മറ്റ് അപൂർവ ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയായി ചൈനയിൽ വൻ കാട്ടുതീ. സിച്ചുവാൻ ഉൾനാടൻ പ്രവിശ്യയിലാണ് തീപിടിത്തമുണ്ടായത്. 11 ഗ്രാമങ്ങളിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തു. 3000-ത്തിലധികം പേരെ പ്രദേശത്തുനിന്ന് ഒഴിപ്പിച്ചു. ആളപായം സ്ഥിരീകരിച്ചിട്ടില്ലെന്നും ചൈനയിലെ ഔദ്യോഗിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനൽ പോരാട്ടത്തിന് തുടക്കമായി. ഡൽഹി അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസും റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരുമാണ് ഏറ്റുമുട്ടുന്നത്.

&&&&&&&&&&&&&&&&&&

## NATIONAL RECORD

പതിനായിരം മീറ്റർ ഓട്ടത്തിൽ 16 വർഷം പഴക്കമുള്ള ദേശീയ റെക്കോർഡ് തിരുത്തി ഇന്ത്യൻ കായികതാരം ഗുൽവീർ സിംഗ്. കാലിഫോണിയയിൽ നടന്ന മത്സരത്തിൽ രണ്ടാം സ്ഥാനവും ഈ ഇരുപത്തിയഞ്ചുകാരൻ സ്വന്തമാക്കി. അതേസമയം പതിനായിരം മീറ്റർ 27 മിനിറ്റിൽ താഴെ സമയത്തിൽ പിന്നിടാൻ കഴിയാത്തതിനാൽ ഗുൽവീർ സിങ്ങിന് ഒളിമ്പിക്സ് യോഗ്യത നേടാനായില്ല.

&&&&&&&&&&&&&&&&&&

## KOCHI SWIMMATHON

കൊച്ചി സ്വിമ്മതോൺ അൾട്രാ നീന്തൽ മത്സരങ്ങൾ അടുത്ത മാസം 21 ന്. ഇന്ത്യൻ നദികളിലെ ഏറ്റവും വലിയ നീന്തൽ മത്സരമായ സ്വിമ്മതോണിൽ 700 ലധികം പേർ പങ്കെടുക്കും. എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ, പെരിയാറിലാണ് പരിപാടി നടക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നീന്തൽ താരങ്ങളെ കൂടാതെ വിദേശീയരും ഇതിൽ പങ്കെടുക്കും. പുഴകളും അതിലെ ജീവജാലങ്ങളെയും സംരക്ഷിക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് പരിപാടി നടത്തുന്നത്.

&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&